# ഇടയശബ്ദം

കുടുംബവർഷമായി ആഗോളസഭ ആചരിക്കുന്ന പശ്ചാത്തലത്തിൽ കുടുംബവർഷപ്പതിപ്പായി ഇത്തവണ ഐക്യദീപം പ്രസിദ്ധീകരിക്കുകയാണ്. ഏതൊരു വ്യക്തിയും തന്റെ കുടുംബത്തെപ്പറ്റി അഭിമാനപൂർവ്വം ഓർക്കും. ഇന്ന കുടുംബത്തിലാണ് ഞാൻ പിറന്നത് എന്ന് അഭിമാനപൂർവ്വം പറയും. എവിടെയായിരുന്നാലും കുടുംബത്തിൽ മടങ്ങി എത്തണം എന്നത് വലിയ ആഗ്രഹമാണ്-പ്രതീക്ഷയാണ്. നമ്മൾ ജനിച്ചു എന്നതും വളർന്നു എന്നതും അല്ല നമ്മുടെ കുടുംബത്തെപ്പറ്റി ഇത്രയും ആവേശം കൊള്ളാൻ നമ്മെ പ്രേരിപ്പിക്കുന്നത്. പ്രത്യുത കുടുംബ ബന്ധമാണ്, സ്നേഹമാണ്, സ്വാതന്ത്ര്യമാണ്, അഭിമാനം പകർന്നു തരുവാൻ തക്കവിധം ജീവിച്ച മുൻതലമുറയാണ്. നമുക്കു മനസിലാക്കാൻ കഴിയുന്നതിലുമധികം നമ്മുടെ ജീവിതത്തിനു തുറവിയും മനസ്സിന് ഉറപ്പും നൽകിയത് കുടുംബാന്തരീക്ഷമാണ്. പണ്ഡിതനെന്നോ പാമരനെന്നോ കുബേരനെന്നോ കുചേലനെന്നോ വ്യത്യാസമില്ലാതെ ഏവർക്കും തന്റെ കുടുംബം പ്രധാനപ്പെട്ടതാണ്.

ആധുനിക ലോകത്ത് കുടുംബങ്ങൾ ധാരാളം വെല്ലുവിളികളെ നേരിടുന്നു. വളരെ പ്രധാനമായും ബന്ധങ്ങളിലും, സ്നേഹത്തിലും, സ്വാതന്ത്ര്യത്തിലും ഒക്കെ വന്ന തകർച്ചകളാണവ. അതിരുകൾ ലംഘിക്കുന്നതിന് മടിയില്ലാതായിരിക്കുന്നു. സ്വാർത്ഥത വളർന്ന് സർവ്വതിനെയും നിയന്ത്രിക്കുന്നു. വിലപിടിപ്പുള്ളവ വലിച്ചെറിയുന്നതിനും വില കുറഞ്ഞവയെ തോളിലേറ്റുന്നതിനും അറപ്പില്ലാതായിരിക്കുന്നു. പണവും സുഖലോലുപതയും ആഡംബരവും ഇന്ന് പ്രധാന ഘടകങ്ങളായി തീർന്നിരിക്കുന്നു. മാതാപിതാക്കൾ തമ്മിലും കുട്ടികളും മാതാപിതാക്കളും തമ്മിലും ഉണ്ടാകുന്ന അകലങ്ങൾ ഭയാനകമാണ്. എല്ലാവർക്കും മറയ്ക്കാനും ഒളിയ്ക്കാനും ഒരുപാടു കാര്യങ്ങൾ ഉള്ളതുപോലെ തോന്നുന്നു. വ്യക്തിപൂജ കുടുംബത്തെ തകർത്തിരിക്കുന്നു.

എവിടെയോ വായിച്ചത് ഓർക്കുന്നു. ഒരു മിനിറ്റിൽ താഴെ നടത്തിയ വിഖ്യാതമായ ഒരു പ്രസംഗമാണ്. ജോലി, കുടുംബം, ആരോഗ്യം, സുഹൃത്തുക്കൾ, ദൈവം എന്നീ 5 പന്തുകൾ ഒരേ സമയത്ത് അമ്മാനമാടുന്നതുപോലെയാണ് ജീവിതം. ഇതിൽ ജോലി എന്ന പന്തു താഴെ വീണാൽ അത് തിരികെ ഉയരും; എന്നാൽ മറ്റു 4 പന്തുകളും താഴെ വീണാൽ അവ ഉടഞ്ഞു നശിക്കും. പഴയരീതിയിലേക്ക് കൊണ്ടുവരുവാൻ സാധിക്കാത്ത രീതിയിൽ അവ നാലും ഉടഞ്ഞു തരിപ്പണമാകും! അതായത് ഏറെ ശ്രദ്ധ ആവശ്യമായ നാലു കാര്യങ്ങളാണ് കുടുംബം, ആരോഗ്യം, സുഹൃത്തുക്കൾ, ദൈവം.

ദൈവത്തിന്റെ പ്രതിഛായയാണ് കുടുംബം. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിഏക ദൈവത്തിന്റെ കൂട്ടായ്മ. ഭൂമിയിലെ ഓരോ കുടുംബവും ത്രിത്വത്തെ അനുകരിക്കണം. ത്രിത്വൈക ദൈവം എന്നത് വിശ്വാസരഹസ്യം മാത്രമല്ല ജീവിതത്തിൽ പ്രായോഗികമാക്കുവാൻ ഒരു മാതൃക കൂടിയാണ്. കുടുംബത്തിന്റെ സമാധാനവും സന്തോഷവും എല്ലാവരുടെയും ഉത്തരവാദിത്തമായി കാണണം. അവരവരുടെ ഉത്തരവാദിത്വം അവരവർ നിർവ്വഹിക്കുമ്പോൾ മാത്രമെ കുടുംബം മുമ്പോട്ടു പോകൂ. ഏറ്റക്കുറച്ചിലുകൾ അന്യോന്യം പരിഹരിക്കണം; എന്നാൽ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കേണ്ടതുതന്നെ.

മാതാപിതാക്കൾ തങ്ങളുടെ കുടുംബത്തിന് മുന്തിയ പ്രാധാന്യം നൽകണം. ജോലിയുടെയും സമുദായ - രാഷ്ട്രീയ സമ്മർദങ്ങളുടെയും പേരിൽ കുടുംബത്തിലെ അവരുടെ സാന്നിദ്ധ്യം കുറയുന്നു. ഇതു അപകടമാണ്. കുടുംബം പവിത്രമാണ്. ഒരാൾ കുടുംബത്തെ എങ്ങനെ പരിചരിക്കുന്നുവോ അതു പോലെ മാത്രമേ മറ്റു പ്രസ്ഥാനങ്ങളെയും പരിചരിക്കുവാനും സേവിക്കുവാനും സാധിക്കൂ. ഒരുമിച്ചുള്ള കുടുംബപ്രാർത്ഥനയും ഭക്ഷണവും, അൽപ്പസമയം ഒരുമിച്ചു കുടുംബകാര്യങ്ങൾ പറഞ്ഞു രസിച്ച് സന്തോഷിക്കുന്നതും വലിയകാര്യമാണ്. കുടുംബാംഗങ്ങൾ എല്ലാവരും ഈ സന്തോഷത്തിൽ പങ്കെടുക്കണം. മദ്യപാനം നമ്മുടെ കുടുംബങ്ങളെ കാർന്നുതിന്നുന്ന വലിയ വിപത്താണ്. ഇതുവഴിയുണ്ടാകുന്ന ധനനഷ്ടവും അപകടങ്ങളും അസമാധാനവുംഅസന്തുഷ്ടിയും തീർച്ചയായും വിചിന്തനം ചെയ്യണം. എത്ര കുടുംബങ്ങളാണ് കണ്ണീരിൽ കഴിയുന്നത് ! സുഖേഛമാത്രം ഒരാൾ ശ്രദ്ധിക്കുമ്പോൾ ബാക്കിയുള്ളവരെയെല്ലാം കണ്ണീരിലാഴ്ത്തുകയാണ്. ഭവനം സ്വർഗ്ഗമാക്കുവാൻ ഏവരും ശ്രദ്ധിക്കണം.

കുടുംബത്തിന്റെ സമാധാനവും സന്തോഷവും നിലനിൽപ്പും കാക്കേണ്ടത് മക്കളുടെയും ഉത്തരവാദിത്തമാണ്. ദൈവം നമുക്കു തന്ന വലിയ നന്മയാണ് നമ്മുടെ ജീവൻ. അതു നാം മാതാപിതാക്കളിൽ നിന്നും സ്വീകരിച്ചതാണ്. ആയതിനാൽ നമുക്കു മാതാപിതാക്കളോട് വലിയ സ്നേഹവും ബഹുമാനവും വേണം. നമ്മുടെ പിഞ്ചുപ്രായത്തിൽ നമ്മുടെ സന്തോഷത്തിനും ആരോഗ്യത്തിനും നിലനിൽപ്പിനും വേണ്ടി ഏറെ ത്യാഗങ്ങൾ സഹിച്ചവരാണ് അവർ. നാം ഇപ്പോൾ ആരോഗ്യമുള്ളവരായിരിക്കാം. എന്നാൽ ചെറുപ്രായത്തിൽ അങ്ങനെയായിരുന്നില്ലല്ലോ. നാം ഓർക്കേണ്ടത് മാതാപിതാക്കളുടെ സ്നേഹനിർഭരമായ ശുശ്രൂഷയെയാണ്. അത് ഇല്ലായിരുന്നെങ്കിൽ നാം ഉണ്ടാകുമായിരുന്നില്ല. എവിടെയോ വായിച്ച ഒരു കഥ മനസ്സിലേക്കു വരുന്നു. പ്രായം ചെന്ന അപ്പൻ ഉമ്മറത്ത് ഇരിക്കുകയാണ്. മകൻ പ്രഭാതസൂര്യകിരണങ്ങൾ ഏറ്റ് കൊണ്ട് പത്രം വായിച്ചിരിക്കുന്നു. അപ്പൻ മകനോട് പത്ര

ത്തിലെ ചില കാര്യങ്ങൾ ചോദിച്ചറിയുവാൻ ശ്രമിക്കുകയാണ്. മകൻ ആദ്യത്തെ രണ്ടു മൂന്നു ചോദ്യങ്ങൾക്കു മറുപടി പറഞ്ഞു. പിന്നെ അപ്പനെ ശകാരിക്കുവാൻ തുടങ്ങി. അപ്പനിപ്പോൾ എന്തൊക്കെയാണ് അറിയേണ്ടത്. ഇവിടെ കുത്തിയിരുന്നാൽപ്പോരെ. മനുഷ്യർക്കു സമാധാനത്തോടെ ഒന്നും ചെയ്യാൻ കഴിയുന്നില്ലല്ലോ എന്നൊക്കെ. അപ്പൻ മകനോടു പറഞ്ഞു: നീ നന്നേ ചെറുപ്പമായിരുന്നു. ഞാൻ പത്രം വായിക്കുമ്പോൾ എന്റെ മടിയിൽ ഇരിക്കണമെന്നതു നിന്റെ നിർബന്ധമായിരുന്നു. പുറത്ത് മരച്ചോട്ടിൽ തീറ്റി തിന്നാൻ വരുന്ന കാക്കയെക്കുറിച്ച് നീ ചോദിച്ചു. അപ്പാ അതെന്താ – ഞാൻ മറുപടി പറഞ്ഞു. ഒന്നല്ല – നീ ആവശ്യപ്പെട്ടപ്പോഴെല്ലാം. ഒരു 100 തവണയെങ്കിലും ചോദിച്ചുകാണും. ഞാൻ നിന്റെ ജിജ്ഞാസ കണ്ട് അപ്പോഴെല്ലാം ഉത്തരം തന്നു. അപ്പന്റെ വാക്കുകൾ മകന്റെ ഹൃദയത്തെ തപിപ്പിച്ചു. കണ്ണീർക്കണങ്ങളോടെ അവൻ അപ്പനൊരു മുത്തം കൊടുത്തു. ഇതെത്രയോ ശരി. നമുക്കുവേണ്ടി എത്ര തവണ അർത്ഥമില്ലാത്ത ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ പറഞ്ഞു തന്നവരാണവർ. എത്ര നിർബന്ധങ്ങൾക്ക് അവർ വഴങ്ങി തന്നു!! നാം അവരെ ഓർക്കണമെന്നു പറയുമ്പോൾ ഓർക്കാൻ നമുക്കൊന്നും ഇല്ലേ? നമുക്ക് അമ്മയുടെ, അപ്പന്റെ സ്നേഹത്തിന്റെ ആഴം മനസ്സിലാകുകയില്ലെന്നോ?

മക്കളായ നാം വളർന്നു കഴിയുമ്പോൾ അവരോടു മല്ലടിക്കുകയും അവരെ അനുസരിക്കാതിരിക്കുകയും ഹൃദയം കൊണ്ട് വെറുക്കുകയും ഒക്കെ ചെയ്യുന്നുണ്ടോ? എന്നെക്കാൾ അനുജനെയും അനുജത്തിയെയും ഒക്കെ സ്നേഹിക്കുന്നു എന്ന് നമുക്കു തോന്നുന്നുണ്ടോ? പലപ്പോഴും ഇവ ഒക്കെ തോന്നലുകൾ ആവാം. മാതാപിതാക്കൾ തീർച്ചയായും കുട്ടികളുടെ ഇത്തരത്തിലുള്ള സംശയങ്ങൾക്കതീതമായി പ്രവർത്തിക്കണം. ആരെയെങ്കിലും കൂടുതൽ കരുതുന്നു എങ്കിൽ അവർ മറ്റുള്ളവരെക്കാൾ ആരോഗ്യത്തിലോ മറ്റുതരത്തിലോ കുറവുള്ളതുകൊണ്ടാവണം. മറിച്ച് ഒരിക്കലും കുട്ടികളോട് വേർതിരിവ് ഉണ്ടാവരുത്, പ്രകടിപ്പിക്കുകയുമരുത്.

മക്കൾ തീർച്ചയായും ദൈവപൈതങ്ങളായി വളരണം. നമ്മുടെ മാതാപിതാക്കൾക്ക് നാം വലിയ സന്തോഷവും സമാധാനവും ആശ്വാസവും ആവണം. നാം ഇന്ന് അനുഭവിക്കുന്ന സൗകര്യങ്ങൾ ഒന്നും തന്നെ അവർക്കില്ലായിരുന്നു. അവർ നമുക്കുവേണ്ടി ജീവിച്ചു. അവരുടെ താല്പര്യങ്ങൾ നമ്മുടെ ജീവിത വഴികളിൽ പ്രധാനപ്പെട്ടവയാണ്. നാം ജീവിത പങ്കാളിയെ സ്വപ്നം കാണുമ്പോഴും നമ്മുടെ കുടുംബവും വിശ്വാസവും പ്രധാനപ്പെട്ടവയായി കരുതണം.

അമേരിക്കൻ പ്രസിഡന്റ് റിച്ചാർഡ് നിക്സൺന്റെ മനോഹരമായ ഉദ്ഘാടന പ്രസംഗം കേട്ട ആളുകൾ ചോദിച്ചു – അങ്ങേക്ക് ഈ അറിവുകൾ – ആദരവുകൾ എവിടെ നിന്നു ലഭിച്ചു. അദ്ദേഹം പറഞ്ഞു: “ഞങ്ങളുടെ കുടുംബത്തിലെ ഊണുമേശയിൽ നിന്ന്.” ഇത് ഒരു അനുഭവമാണ്. നമ്മുടെ മക്കൾ പഠിക്കേണ്ടത് ഊണുമേശയിൽ നിന്നാണ്. അതിലെല്ലാം അടങ്ങിയിട്ടുണ്ട്. പങ്കുവയ്ക്കൽ, കാത്തിരിപ്പ്, ത്യാഗം, കരുതൽ, ചിരി, സ്നേഹം, പ്രാർത്ഥന – അങ്ങനെ എന്തെല്ലാം. ഈ ലക്കം ഐക്യദീപം നമുക്ക് ഒരു പുതിയ ദർശനം തരട്ടെ എന്നു പ്രാർത്ഥിക്കുന്നു. കുടുംബത്തിൽ നിന്നും ലഭിക്കുന്നവ മാത്രമെ നമുക്കുള്ളൂ. സമൂഹ സൃഷ്ടിയിൽ അവ പ്രധാനപ്പെട്ടതാണ്. നമ്മുടെ കുടുംബം നമുക്കു ലഭിച്ച ദാനമാണ്; നാം എപ്രകാരം ആയിത്തീരുന്നു എന്നത് കുടുംബത്തിനു നാം കൊടുക്കുന്ന സമ്മാനവും.